(സി) എങ്കിൽ, സെക്രട്ടേറിയറ്റിലെ വകുപ്പുകളിലേയും വിവിധ വകുപ്പ് ഓഫീസുകളിലേയും മണ്ഡലം തിരിച്ച് ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയലുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കാൻ ആവശ്യമായ തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) നിലവിൽ ധനകാര്യ (നോഡൽ) വകുപ്പിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) രജിസ്റ്ററുകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല എന്ന കാരണത്താൽ ധനകാര്യ വകുപ്പിൽ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള ഫയലുകൾക്ക് കാലതാമസം നേരിട്ടിട്ടില്ല. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) സെക്രട്ടേറിയറ്റിലെ വകുപ്പുകളിലെയും വിവിധ വകുപ്പ് ഓഫീസുകളിലെയും ആസ്തി വികസന ഫണ്ടുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയ ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ചായ സൽക്കാരത്തിന് ചെലവഴിച്ച തുക

4 (1705) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും ചായ സൽക്കാരത്തിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മറുപടി അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

5 (1707) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ആറുമാസത്തിലധികം താമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ലോൺ എടുത്തും പലിശയ്ക്ക് പണം കടമെടുത്തും വീടുനിർമ്മിക്കുന്നതിന് തയ്യാറെടുക്കുന്ന തീരദേശവാസികളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly